# അക്കാദമിക മാസ്റ്റർപ്ലാൻ 2025-26

## പള്ളിപ്രം യു.പി സ്കൂൾ

Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർപ്ലാൻ

## ഒന്നാം ക്ലാസ്സ്

## മലയാളം

ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സർഗവികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന, വിവിധ വ്യവഹാര രൂപങ്ങൾ, സ്വതന്ത്രമായ പ്രതികരണങ്ങൾ, ശില്പശാല, സംയുക്ത ഡയറി, സചിത്ര പുസ്തകം, സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്.

സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്, ഈ അധ്യയന വർഷത്തിൽ കുട്ടി, രക്ഷിതാവ്, അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ

Scanned with OKEN Scanner

വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത് .

## ലക്ഷ്യങ്ങൾ :

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക .
* എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പ് വരുത്തുക .
* എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ/ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക
* രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ അവ നവമാധ്യമങ്ങളിൽ പങ്കിടൽ
* ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
* ലഘു രചന ശില്പശാലകൾ നടത്തുന്നു .
* തിയേറ്റർ സാധ്യതകൾ, വായന കളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു .
* സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു .
* പാട്ടരങ്ങ് , റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
* കുഞ്ഞു ചിത്രകഥാപുസ്തകങ്ങൾ സ്വയം നിർമിക്കാൻ പ്രാപ്തി നേടുന്നു .

Scanned with OKEN Scanner

* സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ സംയുക്തഡയറി, സചിത്ര വർക്ക്ബുക്ക് മെച്ചപ്പെടുത്തുന്നു.

## ജൂൺ

പ്രവർത്തനങ്ങൾ :

* സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർപ്ലാൻ എന്നിവ തയ്യാറാക്കൽ.
* സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
* അക്കാദമിക മാസ്റ്റർപ്ലാൻ അവതരണം
* ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമാണ ശില്പശാല
* താളാത്മകമായി ചെറുകവിതകൾ ചൊല്ലൽ

## ജൂലൈ

* സംയുക്തഡയറി എഴുതാൻ സഹായം ഒരുക്കൽ
* കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ
* വായനമൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ
* രക്ഷിതാവിന്റെ സഹായത്തോടെ സംയുക്തഡയറി എഴുതുന്നു
* ചെറുകഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
* അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
* ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.

Scanned with OKEN Scanner

## ഓഗസ്റ്റ്

* റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പഠനങ്ങൾ, പ്രവർത്തനങ്ങൾ
* സംയുക്ത ധ്വനി എഴുത്ത് തുടരുന്നു.
* ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
* പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു
* ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ, ചിത്ര വായന കാർഡുകൾ എന്നിവ തയ്യാറാക്കി അവതരിപ്പിക്കുന്നു.
* രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചന നടത്താൻ നൈരന്തര്യം നൽകുന്നു.

## സെപ്റ്റംബർ

* സംയുക്ത ധ്വനി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു
* സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
* ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ധ്വനി മെച്ചപ്പെടുത്തുന്നു
* കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

## ഒക്ടോബർ

* രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്രരചന പ്രദർശിപ്പിക്കുന്നു.
* വായനോത്സവം സംഘടിപ്പിക്കുന്നു.
* ആസ്വാദ്യകരമായ വായന നടത്തുന്നു
* ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു

Scanned with OKEN Scanner

## നവംബർ

* കൂട്ടവായന, നാട്ടുവായന, വീട്ടുവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ
* വായനോത്സവം, രചനോത്സവം തുടരുന്നു.
* പത്രവായനയ്ക്ക് അവസരം ഒരുക്കൽ

## ഡിസംബർ

* രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പരം സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
* ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.

## ജനുവരി

* ലഘുരചന ശില്പശാല
* കുട്ടികളെഴുതിയ ചെറുകവിതകൾ/കഥകൾ പ്രകാശനം
* സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു.

## ഫെബ്രുവരി

* തനിമയ രചനകൾ
* ഭാഷോത്സവം, രചനോത്സവം ജനപങ്കാളിത്തത്തിൽ നടപ്പാക്കുന്നു
* കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടിപ്പിക്കുന്നു

## മാർച്ച്

* കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ പുസ്തകരൂപത്തിലാക്കി പ്രകാശനം ചെയ്യുന്നു.
* വീട്ടുവായന, കൂട്ടവായന, അമ്മ വായന, ചങ്ങല വായന, സ്വതന്ത്രവായന പ്രോത്സാഹനം നൽകുന്നു
* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ

Scanned with OKEN Scanner

# ഒന്നാം ക്ലാസ്സ്

# ഗണിതം

ആമുഖം :

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്, ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിലെത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്, ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ

* ഒന്നു മുതൽ അഞ്ചുവരെയുള്ള സംഖ്യകൾ എണ്ണുന്നു, എഴുതുന്നു.
* ഒറ്റ സംഖ്യകൾ എണ്ണി എടുക്കുന്നു. എഴുതുന്നു, വായിക്കുന്നു.
* സംഖ്യകളെ ആരോഹണ - അവരോഹണ ക്രമത്തിൽ ആക്കുന്നു
* രണ്ട് ഒറ്റ സംഖ്യകളുടെ സങ്കലനം, വ്യവകലനം
* ഒറ്റ സംഖ്യകളുടെ വ്യാഖ്യാനം
* ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു,
* ഒറ്റ സംഖ്യാപാറ്റേൺ രൂപീകരിക്കൽ
* ഒറ്റ സംഖ്യയും രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിതപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

Scanned with OKEN Scanner

## ജൂൺ

* സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു
* സംഖ്യാ കാർഡ് നിർമിക്കൽ

## ജൂലൈ

* ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു.
* സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

## ഓഗസ്റ്റ്

* ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു
* കൂടുതൽ കുറവ് തിരിച്ചറിയുന്നു.
* ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിലേർപ്പെടുന്നു.

## സെപ്റ്റംബർ

* ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന/വ്യവകലന ക്രിയകൾ നടത്തൽ
* ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും തിരിച്ചറിവ്

## ഒക്ടോബർ

* ഒറ്റ സംഖ്യ, ഇരട്ട സംഖ്യ തിരിച്ചറിയൽ
* ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റ സംഖ്യ, ഇരട്ട സംഖ്യ എന്ന തിരിച്ചറിവ്
* വലിയ/ചെറിയ സംഖ്യ തിരിച്ചറിയൽ

## നവംബർ

* ഒരക്കസംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിലേർപ്പെടുന്നു.
* സംഖ്യാഗാനം ശേഖരിക്കുന്നു, പാടുന്നു.

Scanned with OKEN Scanner

ഡിസംബർ

* സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതൽ

* ഗണിത ആൽബം

ജനുവരി

* ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ

* സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു .

ഫെബ്രുവരി

* വില വിവര പട്ടിക , പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു .

മാർച്ച്

* ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റുകൾ പൂർത്തീകരിക്കുന്നു

* ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു .

* സംഖ്യകളുടെ പകുതി മൂല്യം എന്ന തിരിച്ചറിവ്

Scanned with OKEN Scanner

STD 1

# ENGLISH

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like malayalam.

The academic master plan is designed to ensure that not a single child goes illiterate.

## Objectives and learning outcomes:

→ Respond to simple instructions in the classroom
→ Describe orally about the pictures and object
→ familiarise with simple words.
→ Enjoy songs and sings them with Rhythm and action

### JUNE

* introduce simple symbol words
* provide picture cards

### JULY

* identify familiar words, say familiar words
* Read familiar words
* write familiar words

Scanned with OKEN Scanner

AUGUST

* Enjoy songs and sings them with rhythem and action
* Describe orally about pictures and objects ,

September

* Read and write simple words and sentences .
* provide picture cards and reading cards .

october

* Make word chain, sentence chain
* Make riddles
* Describing words, rhyming words

November

* provide more opportunities to read , ~~rig~~ write and speak English
* write five English words daily

December

* Read and understand simple instructions in the classroom

January

* Make picture albums
* collect pictures of animals and its young ones

February

* provide the opportunity to express myself in the classroom
* ~~Enjoy~~ English assembly once in a week

March

* Speak English fluently
* Read simple sentences
* picture reading and picture description

Scanned with OKEN Scanner

Std-2

2025 - 26

അക്കാദമിക മാസ്റ്റർപ്ലാൻ

മലയാളം

Reshmi-K-E

Scanned with OKEN Scanner

## ആമുഖം

2025-26 അധ്യയന വർഷം രണ്ടാംക്ലാസിൽ പഠിക്കുന്ന കുട്ടികളുടെ പഠനനിലവാരം ഉയർത്തേണ്ടതുണ്ട്. പൊതു വിദ്യാഭ്യാസവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്.

## പ്രവർത്തന കലണ്ടർ

| Sl.No | പരിപാടിയുടെ പേര് | നിർവഹണകാലം |
|---|---|---|
| 1. | മധുരം മലയാളം | ജൂൺ – മാർച്ച് |
| 2. | സംയുക്ത ഡയറി | ജൂൺ – മാർച്ച് |
| 3 | പാട്ടരങ്ങ് | ജൂൺ – മാർച്ച് |
| 4. | റീഡേഴ്സ് തിയേറ്റർ | ജൂലായ് – മാർച്ച് |
| 5. | നാട്ടുവിശേഷം കൂട്ടെഴുത്ത് | ജൂലായ് – മാർച്ച് |
| 6 | ക്ലാസ് പത്രം | ആഗസ്റ്റ് മുതൽ മാസം ഒന്ന് |
| 7 | രചനോത്സവം | ജൂലായ് – ഫിബ്രവരി |
| 8 | വായനോത്സവം | ജൂൺ – മാർച്ച്. |

Scanned with OKEN Scanner

| | | |
|---|---|---|
| 9 | ഭാഷോത്സവം | ജനുവരി |
| 10 | ഗണിതകേളികൾ | ജൂൺ - മാർച്ച് |
| 11 | ഗണിതകിറ്റ് | ജൂൺ - മാർച്ച് |
| 12. | പരീക്ഷണങ്ങൾ | മാസം 1 |
| 13. | ലഘു പ്രോജക്ട് | മാസം 1 |
| 14 | പരീക്ഷണ കിറ്റ് | ജൂൺ - മാർച്ച് |
| 15. | രക്ഷിതാക്കൾക്ക് ശില്പശാല | ജൂൺ - ജനുവ |
| 16. | പാനീയ മേള | ഡിസംബർ. |
| 17 | ഭക്ഷ്യമേള | ഡിസംബർ |
| 18 | പലഹാരമേള | ഡിസംബർ |
| | | |
| | | |
| | | |

Scanned with OKEN Scanner

1. മലയാള മധുരം

പ്രവർത്തന ലക്ഷ്യങ്ങൾ

- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരമൊരുക്കുന്നു
- സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറുന്നതിന് സാധ്യത ഒരുക്കുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു
- കുഞ്ഞു ചിത്രകഥ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.

വായനോത്സവം - ഓരോ മാസവും.

പുസ്തകപ്രകാശനം - ജനുവരി

ചുമതല

ക്ലാസ് ടീച്ചർ, രക്ഷിതാവ്.

2. സംയുക്ത ഡയറി

പ്രവർത്തന ലക്ഷ്യങ്ങൾ

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
- സ്വതന്ത്ര രചന നടത്തുന്നതിന്
- ഭാഷാശേഷി വികസിപ്പിക്കുന്നതിന്.

ചുമതല :- ക്ലാസ് ടീച്ചർ, രക്ഷിതാവ്.

## 3. പാട്ടരങ്ങ്

### പ്രവർത്തന ലക്ഷ്യങ്ങൾ

താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.

കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുന്നു. ഒറ്റയ്ക്കും സംഘമായും ആവിഷ്കരിക്കുകയും ചെയ്യുന്നു. ഈണം താളം ഭാവം ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.

ഭിന്നനിലവാരക്കാരെ പരിഗണിച്ചുള്ള പ്രവർത്തനം. ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവമാക്കുന്നു.

ചുമതല :- ക്ലാസ്ടീച്ചർ, രക്ഷിതാവ്.

## 4. റീഡേഴ്സ് തിയേറ്റർ

### പ്രവർത്തന ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളും ഈ പ്രവർത്തനത്തിൽ പങ്കെടുക്കുന്നു. മികച്ച വായനക്കാരായി മാറുന്നു.
- ഭാഷയിലെ പഠന മുന്നേറ്റത്തിന് സംഗീതം, ശ്രാവ്യവായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.
- തിരഞ്ഞെടുത്ത ബാലസാഹിത്യകൃതികൾ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുന്നു.

ചുമതല :- ക്ലാസ്ടീച്ചർ.

Scanned with OKEN Scanner

5. നാട്ടുവിശേഷം കൂട്ടെഴുത്ത്

പ്രവർത്തനലക്ഷ്യങ്ങൾ

- പരിസരപഠനത്തിലൂടെ ഭാഷാപഠന സാധ്യതകൾ ഒരുക്കുന്നു.
- പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു
- നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാശേഷികൾ ഉറപ്പുവരുത്തി ക്ലാസ്പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു.
- പാഠപുസ്തകങ്ങളിലെ ആശയങ്ങൾക്കനുയോജ്യമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കഴിയുന്നു.

ചുമതല:- ക്ലാസ്ടീച്ചർ, CPTA, SRG.

6. ക്ലാസ്പത്രം:-

പ്രവർത്തനലക്ഷ്യങ്ങൾ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.
- രചനാശേഷി പരിപോഷിപ്പിക്കുന്നു.
- സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശേഖരിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവ്നേടുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്താരൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു.
- കൂട്ടെഴുത്ത് നടക്കുന്നു.

ചുമതല:- ക്ലാസ്ടീച്ചർ.

7. രചനോത്സവം

പ്രവർത്തന ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളുടേയും രചനാപ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു.
- വിവിധ തന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.
- കൃത്യമായ ഇടവേളകളിൽ ക്ലാസ്തല രചനാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ

ചുമതല - ക്ലാസ്ടീച്ചർ.

8. വായനോത്സവം

പ്രവർത്തന ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളേയും സ്വതന്ത്രവായനക്കാരാക്കി മാറ്റുന്നു.
- വായനാശീലം വളർത്തുന്നു.
- ലൈബ്രറി പ്രയോജനപ്പെടുത്തുന്നു.
- വായനാക്കുറിപ്പ് തയ്യാറാക്കുന്നു.
- മാതൃകാവായന അധ്യാപിക നടത്തുന്നു.
- വായനോത്സവം നടത്തുന്നു.

ചുമതല

ക്ലാസ് ടീച്ചർ, രക്ഷിതാവ്.

9. ഭാഷോത്സവം

പ്രവർത്തന ലക്ഷ്യങ്ങൾ

- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- സ്വതന്ത്ര രചനക്ക് സാധ്യത ഒരുക്കുന്നു,
- കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിന് മുമ്പിൽ അവതരിപ്പിക്കുന്നു.

- ആശയങ്ങളെ / അനുഭവങ്ങളെ വിവിധവ്യവഹാര രൂപങ്ങളിലൂടെ പ്രകടിപ്പിക്കാൻ കഴിയുന്നു.

- പ്രാദേശിക കലാ സാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു.

- ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു

- സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നു.

ചുമതല

ക്ലാസ്ടീച്ചർ, CPTA, BRC

10- ഗണിതക്കേളികൾ

പ്രവർത്തനലക്ഷ്യങ്ങൾ

- കുട്ടികൾക്ക് ഗണിത കളികളിൽ താല്പര്യം ഉണ്ടാക്കുന്നു.

- യുക്തിചിന്തനം വളർത്തുന്നു.

- കൂട്ടുകാരെ കണ്ടെത്താം (സങ്കലനം)

- ഡൊമിനോ കളികൾ (വ്യവകലനം)

- ബോൾ കളി → (ഗുണനം)

ചുമതല

ക്ലാസ്ടീച്ചർ, SRG.

11. ഗണിത കിറ്റ്

പ്രവർത്തനലക്ഷ്യങ്ങൾ

- ഗണിതം രസകരവും, ആസ്വാദ്യകരവുമാക്കുന്നതിന്.

- 10ന്റെ കെട്ടുകൾ, മഞ്ചാടി, ചുള്ളിക്കമ്പ്, ടേപ്പ്, മുത്തുകൾ, കളിനോട്ടുകൾ, കുപ്പിയുടെ അടപ്പുകൾ എന്നിവ കിറ്റിൽ ഉൾപ്പെടണം.

Scanned with OKEN Scanner

ചുമതല
ക്ലാസ്ടീച്ചർ, രക്ഷിതാവ്

12- പരീക്ഷണങ്ങൾ

പ്രവർത്തനലക്ഷ്യങ്ങൾ

- ശാസ്ത്രപഠനം ആസ്വാദ്യകരമാക്കുന്നു.
- അപഗ്രഥിച്ച് നിഗമനത്തിലെത്താൻ കുട്ടി സ്വയം പ്രാപ്തനാകുന്നു.
- വ്യത്യസ്ത ഉപകരണങ്ങൾ സൂക്ഷ്മത, കൃത്യത പാലിച്ച് കൊണ്ട് കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു.

ചുമതല
ക്ലാസ്ടീച്ചർ, CPTA

13. ബാല്യപ്രൊജക്ട്

പ്രവർത്തനലക്ഷ്യങ്ങൾ

- കുട്ടികളിൽ ശാസ്ത്രചിന്തയും യുക്തിചിന്തയും വളർത്തുക.
- കുട്ടികൾ നേരിടുന്ന പഠനപ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് നിരീക്ഷണം താരതമ്യം, വർഗീകരണം, അപഗ്രഥനം എന്നീ ഘട്ടങ്ങളിലൂടെ നിഗമനത്തിലെത്താൻ പ്രാപ്തരു

ചുമതല
ക്ലാസ്ടീച്ചർ.

14. പരീക്ഷണകിറ്റ്

പ്രവർത്തനലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും ശാസ്ത്രപരീക്ഷണങ്ങൾ സ്വന്തമായി ചെയ്യുന്നതിന്

Scanned with OKEN Scanner

- വ്യത്യസ്തമായ ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാകുന്നു.
- ശാസ്ത്രപഠനത്തിൽ ആത്മവിശ്വാസം വളർത്തുക.
- സ്വന്തമായി പരീക്ഷണങ്ങൾക്ക് തയ്യാറാകുക.

ചുമതല

ക്ലാസ്ടീച്ചർ ; PTA

15. രക്ഷിതാക്കൾക്ക് ശില്പശാല

പ്രവർത്തനലക്ഷ്യങ്ങൾ

- പഠനത്തിൽ ക്രിയാത്മകമായി സഹായിക്കുക.
- പാഠഭാഗത്തിൽ വരുന്ന പ്രവർത്തനങ്ങൾ ചെയ്യേണ്ടവിധവും സംയുക്ത ഡയറി, ഗണിതത്തിന് ശാസ്ത്രത്തിന് ഉപയോഗ്യമാക്കുന്ന വിധവും രക്ഷിതാക്കൾക്ക് അവബോധമുണ്ടാക്കുന്നു.

ചുമതല

SRG, HM

16. പാനീയമേള

പ്രവർത്തനലക്ഷ്യങ്ങൾ

- കടയിൽ നിന്നും വാങ്ങുന്ന പാനീയങ്ങൾ ആരോഗ്യത്തിന് ഹാനികരമാണെന്ന് തിരിച്ചറിയുന്നതിന്
- ചുറ്റുപാടും ലഭ്യമായ സാധനങ്ങളുപയോഗിച്ച് ഹാനികരമല്ലാത്ത പാനീയങ്ങൾ ഉണ്ടാക്കാമെന്ന് തിരിച്ചറിയുന്നതിന്.

ചുമതല

ക്ലാസ് ടീച്ചർ, HM, CPTA.

17. ഭക്ഷ്യമേള

പ്രവർത്തനലക്ഷ്യങ്ങൾ

ദൈനംദിന ഭക്ഷണത്തിൽ ഫലപ്രാതത്തിലും

Scanned with OKEN Scanner

ഉള്ള ആഹാരപദാർത്ഥങ്ങൾ ഉൾപ്പെടുത്തണമെന്ന് തിരിച്ചറിയുന്നതിന്. ഭക്ഷ്യമേള സംഘടിപ്പിക്കുന്നു.

ഉദാ

ക്ലാസ്ടീച്ചർ, CPTA.

പലഹാരമേള

പ്രവർത്തനലക്ഷ്യങ്ങൾ

- പലതരം പലഹാരങ്ങൾ മനസ്സിലാക്കുന്നതിന്
- ഉണ്ടാക്കുന്ന വിധം മനസ്സിലാക്കുന്നതിന്
- ലഘുപാചകക്കുറിപ്പുകൾ തയ്യാറാക്കുന്നതിന്

ഉദാ

CPTA, ക്ലാസ്ടീച്ചർ.

Scanned with OKEN Scanner

2025-26

Std-2

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗണിതം

Reshmi.K.E

Scanned with OKEN Scanner

## ആമുഖം

ഗണിതപഠനം രസകരവും ആസ്വാദ്യകരവുമായി കൈകാര്യം ചെയ്യണം എന്നതുകൊണ്ടും ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർപ്ലാൻ.

## പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം സംഖ്യകളെ വ്യാഖ്യാനിക്കാനും സങ്കലനം വ്യവകലനം, പ്രശ്നപരിഹാരം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ
- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
- ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശങ്ങൾ ഉറപ്പിക്കൽ.
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു. എഴുതുന്നു. (100 ൽ താഴെ)
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്തത്തിൽ ഉത്തരങ്ങൾ ലഭിക്കും.
- പ്രായോഗിക ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്ന വ്യത്യസ്തരീതിയിൽ പ്രയോഗപ്പെടുത്തൽ.

## മുന്നൊരുക്കം

ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

Scanned with OKEN Scanner

ജൂൺ

(1) 1, 2, 3, 4, _, _, _
1, 3, 5, 7, _, _, _
10, 20, 30, _, _, _
2, 4, 6, _, _, _
തുടങ്ങിയ പാറ്റേണിലെ സംഖ്യാബോധം കണ്ടെത്തൽ.

(2) ഒരു സംഖ്യയോട് കൂടുമ്പോൾ തൊട്ടടുത്ത സംഖ്യയും 1 കുറച്ചാൽ തൊട്ടുമുമ്പുള്ള സംഖ്യ കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.

ജൂലായ്

(1) ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി തുക എണ്ണം പറയൽ.

(2) ഗണിതക്കിറ്റ് ഉണ്ടാക്കൽ

(3) 10 ന്റെയും 1 ന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ
(5+5=10, 10+10=20)

ആഗസ്റ്റ്

(1) വിവിധ പാറ്റേണുകൾ രൂപീകരിക്കൽ

(2) സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ
99 നോട് 1 കൂട്ടിയാൽ 100. 10 പത്തുകൾ ചേർന്നാൽ 100.
100 ഒന്നുകൾ ചേർന്നാൽ 100

Scanned with OKEN Scanner

③ ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

സെപ്തംബർ

① ഗണിതക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ.

② വില വിവര പട്ടിക തയ്യാറാക്കൽ

③ ക്ലാസിലൊരുക്കട ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കുന്നു.

ഒക്ടോബർ

① രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.

② സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.

③ സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ.

5, 10, 15, 20, 25 - (5 വീതം കൂട്ടിയാൽ)

നവംബർ

① സ്ഥാനവില തിരിച്ചറിയൽ (ഒന്ന്, പത്ത്)

② പ്രായോഗിക പ്രശ്ന പരിഹാരത്തിനായി കളിനോട്ടുകൾ പേപ്പറിൽ വെട്ടിത്തയ്യാറാക്കി സംഖ്യ എഴുതൽ.

③ "ക്ലാസിനൊരു" കളിയിലൂടെ പ്രശ്നം നിർദ്ധാരണം ചെയ്യൽ.

④ നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ

10 രൂപ + 5 രൂപ = 15 രൂപ

Scanned with OKEN Scanner

ഡിസംബർ

1. സംഖ്യാബോധം തിരിച്ചറിയൽ – സംഖ്യാവ്യാഖ്യാനം
2. സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)
3. രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ജനുവരി

1. വിലവിവരപ്പട്ടിക തയ്യാറാക്കൽ.
   വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ
   പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ
   പ്രശ്ന നിർധാരണം ചെയ്ത് തുക കണ്ടെത്തൽ
2. സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

ഫെബ്രുവരി

1. ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ.
2. ഗണിതപഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ.

മാർച്ച്

1. കലണ്ടർ പതിപ്പ് തയ്യാറാക്കൽ.
2. ചുവന്ന, കറുത്ത അക്കങ്ങൾ തിരിച്ചറിവ്.
   മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ
3. കലണ്ടർ സംഖ്യാബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ.
4. കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ
5. ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

Std-2

2025 - 26

# Academic Master Plan

ENGLISH

Reshmi.K.E

Scanned with OKEN Scanner

Aim :- To Speak, Read and write English without any mistakes. Time:- June, July, August

June :-

Pretest

To develop listening skills and reading skills first.

Listening skills

Games, Action songs, Hello English Activities conversations, skit, Stories.

Use ICT

Speaking skills

Discriptions, growing sentences, Picture reading, Picture description, self introduction Assembly Activities - Speech, book review, Quiz, riddles, self introductionetc

July & August

Reading skills

Newspaper reading, librarybooks, reading book review, reading news, find words. Collect and read past tense rhyming words, describing wordsetc.

Textbook activities.

Scanned with OKEN Scanner

Writing skills

Make word web, Picture description, word chain, Sentence chain, make word and sentences. Make riddles, conversatio Add more lines, develop story, description notice, Proclamation, diary, letter Announcement, Magazines.

Scanned with OKEN Scanner

മലയാളം    Class : III

ലക്ഷ്യങ്ങൾ

· സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കാം, അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കാം.

· കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കാം.

· രചനകൾ ഭാവാത്മകമായി വായിക്കാം.

· ആസ്വദിച്ച ഭാഷാരൂപങ്ങൾ (കഥ, കവിത, നാടൻപാട്ട്, കടങ്കഥ, പഴഞ്ചൊല്ല് ... മുതലായവ) ഹൃദിസ്ഥമാക്കുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.

ജൂൺ - ജൂലായ്

1. കനകച്ചിലങ്ക

· നാടൻപാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉള്ളത്)

· പഴഞ്ചൊല്ലുകൾ ശേഖരണം

· കഥാ ശേഖരം - നാട്ടുകഥകൾ

· നാടൻ പാട്ടിലെയും കവിതയിലെയും താളം

· കടങ്കഥകൾ ശേഖരണം - കടങ്കഥ പാട്ടുകൾ, കടങ്കഥ പതിപ്പ് - കടങ്കഥാപ്പയറ്റ്

· കഥാപാത്രങ്ങൾ വേഷവിധാനം - ചിത്രശേഖരണം - ആൽബം

Scanned with OKEN Scanner

ആഗസ്റ്റ്, സെപ്തംബർ

പലഹാരപ്പന്തി

- കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കിവയ്ക്കൽ.
- റോൾപ്ലേ അവതരണങ്ങൾ
- ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം
- പലഹാരങ്ങള - പാചക കുറിപ്പ് തയ്യാറാക്കൽ
- കിറ്റുകൾ മാതൃകകൾ
- ഹരിത കർമ്മ സേന അംഗങ്ങളുമായി അഭിമുഖം

ഒക്ടോബർ - നവംബർ

മനുഷ്യന്റെ കൈകൾ

- കൃഷിയിടം സന്ദർശനം
- കൃഷിപ്പാട്ടുകൾ, കൃഷിചൊല്ലുകൾ അവതരണം
- കുട്ടിക്കളികൾ - കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണ പതിപ്പ്

നവംബർ - ഡിസംബർ

അപ്പൂപ്പൻതാടി

- ചേട്ടാത്തപ്പാട്ടുകൾ താളമിട്ട് ചൊല്ലി അവതരിപ്പിക്കൽ.
- വേനലനുഭവക്കുറിപ്പ് തയ്യാറാക്കൽ
- വേനൽച്ചിത്രങ്ങൾ വരച്ചു തയ്യാറാക്കൽ
- മഴച്ചിത്രങ്ങൾ വരച്ചു തയ്യാറാക്കൽ
- [illegible] ചിത്രം തയ്യാറാക്കൽ

Scanned with OKEN Scanner

- വായനക്കുറിപ്പ് തയ്യാറാക്കൽ
- ഫോട്ടോ വീഡിയോ തയ്യാറാക്കൽ
- യാത്രാനുഭവവിവരണം തയ്യാറാക്കൽ

ഡിസംബർ ജനുവരി - ഫിബ്രവരി

നമ്മളൊന്ന്

- നിഘണ്ടു നോക്കി വാക്കുകളുടെ അർത്ഥം കണ്ടെത്തൽ
- ആശംസാവാക്യങ്ങൾ എഴുതൽ
- പോസ്റ്റർ തയ്യാറാക്കൽ
- പകരം പദം കണ്ടെത്തി കവിതയിൽ പുതിയ വാക്കുകൾ ഉൾച്ചേർക്കൽ
- സംഭാഷണം തയ്യാറാക്കൽ
- ചിത്രം വായിച്ച് കുറിപ്പ് തയ്യാറാക്കൽ

ജനുവരി ഫിബ്രവരി - മാർച്ച്

മാനത്താളം

- കവിത താളമിട്ട് ചൊല്ലൽ
- കവിതയിൽ വരികൾ കൂട്ടിച്ചേർക്കൽ
- പോസ്റ്റർ തയ്യാറാക്കൽ
- കത്ത് തയ്യാറാക്കൽ
- അനുഭവക്കുറിപ്പ് തയ്യാറാക്കൽ
- അറിയിപ്പ് തയ്യാറാക്കൽ
- അഭിനയക്കളികളിൽ ഏർപ്പെടൽ

Scanned with OKEN Scanner

English Class: 3

Aim

To speak, Read and write english with out any mistakes

Time : June to March

Activities

June and July

Pre test

To develop listening skills and reading skills

Listening Skills :

Games, Action songs

- Hello English Activities
- Conversation
- Skit stories
- Use ICT

Speaking Skills :

- Identify the naming words from the Picture
- Identify the action words from the picture

Make simple sentences using the word about Picture

Scanned with OKEN Scanner

## August and September

- Develop the creative speaking and writing

### Reading skills

- Books reading
- Find words
- Rhyming words
- TB Activities

### Writing skills

- Make word web
- Picture description
- Word chain
- Make words & Sentences
- Make riddles
- Conversations
- Add more lines

## October and November

- To express thoughts, feelings etc..

### Reading Skills

- Library book reading
- Conversation, Skit, Stories, Use ICT
- Develop story

### Writing Skills

- Description
- Thoughts

Scanned with OKEN Scanner

## December and January

### Reading skills

- Library books reading
- Conversation, Skit
- Stories use ICT
- Reads diary

### Writing Skills

- make sentences
- Make description

## February and March

### Reading Skills

- Library books reading
- Conversations
- Skit stories

### Writing Skills

- Diary
- Descriptions
- Thoughts

Scanned with OKEN Scanner

# MATHS Class : 3

## June

- ഒരു കൂട്ടം രൂപങ്ങളിൽ നിന്ന് ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിയൽ.
- ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ ഉപയോഗിച്ച് വ്യത്യസ്ത രൂപങ്ങൾ നിർമ്മിക്കൽ.
- ജ്യാമിതീയ രൂപങ്ങൾ വരയ്ക്കൽ.
- ആശംസാകാർഡ് നിർമ്മിക്കൽ
- വെണ്ടക്കയിൽ പ്രിന്റിംഗ്
- പസിൽ നിർമ്മിക്കൽ
- മൂന്നക്ക സംഖ്യകൾ വായിക്കൽ
- അക്കത്തിലും അക്ഷരത്തിലും എഴുതൽ
- ആയിരത്തിനെ 100ന്റെ വ്യത്യസ്ത കൂട്ടങ്ങളാക്കൽ
- മൂന്നക്ക സംഖ്യകൾ രൂപീകരിക്കൽ
- സ്ഥാനവിലയനുസരിച്ച് ക്രമപ്പെടുത്തൽ
- പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
- സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതൽ

## July

- നാണയങ്ങളുടെയും കറൻസികളുടെയും മൂല്യം തിരിച്ചറിയൽ
- കളിനോട്ടുകൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ
- കറൻസികളുടെ അടിസ്ഥാനത്തിൽ സംഖ്യ പിരിച്ചെഴുതൽ

Scanned with OKEN Scanner

· സംഖ്യാബന്ധം കണ്ടെത്തൽ
· സംഖ്യാബന്ധങ്ങൾ വിശകലനം ചെയ്യൽ, നിർധാരണം ചെയ്യൽ.
· സംഖ്യാ ചാർട്ട് നിർമ്മിക്കൽ

ആഗസ്റ്റ് August

· രണ്ട് മൂന്നക്കസംഖ്യകളുടെ സങ്കലനക്രിയ
· രണ്ട് മൂന്നക്കസംഖ്യകളുടെ തുക കാണുന്നതിനുള്ള വ്യത്യസ്ത രീതികൾ പരിചയപ്പെടൽ
· രണ്ട് മൂന്നക്കസംഖ്യകളെ സ്ഥാനവിലയനുസരിച്ച് പിരിച്ചെഴുതിയുള്ള സങ്കലനക്രിയ
· സംഖ്യാപാറ്റേണുകൾ പൂർത്തിയാക്കൽ
· പുതിയ പാറ്റേണുകൾ നിർമ്മിക്കൽ

September

· സ്കെയിലിലെ വിവിധ രേഖപ്പെടുത്തലുകൾ തിരിച്ചറിയൽ
· നീളം അളക്കൽ
· സ്കെയിൽ നിർമ്മാണം.
· ഊഹം കണ്ടെത്തൽ
· നീളം അളക്കാനുള്ള ഉപകരണങ്ങൾ പരിചയപ്പെടൽ.
· സെന്റിമീറ്റർ നീളമുള്ള വസ്തുക്കൾ പരിചയപ്പെടുത്തൽ

September - October

· പ്രായോഗിക സന്ദർഭങ്ങളിലൂടെയും പ്രശ്നപരിഹാരത്തിലൂടെയും ആവർത്തനസങ്കലനമാണ് ഗുണനം എന്ന് തിരിച്ചറിയൽ
· പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് ഗുണനവസ്തുതകൾ ഉപയോഗിച്ച് നിർധാരണം ചെയ്യൽ

Scanned with OKEN Scanner

- 2, 5, 10 ഗുണനവസ്തുത തിരിച്ചറിയൽ
- 3, 4, 6 ഗുണനവസ്തുത ആവിഷ്കരിക്കൽ
- ആവർത്തന സങ്കലനമാണ് ഗുണനം എന്ന് തിരിച്ചറിയൽ

October - November

- രണ്ട് മൂന്നക്കസംഖ്യകളുടെ വ്യവകലനക്രിയ ചെയ്യൽ
- പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്യൽ
- സ്ഥാനവില അനുസരിച്ച് പിരിച്ചെഴുതി വ്യത്യാസം കണ്ടെത്തൽ

November - December

- വാച്ച്, ക്ലോക്ക് നോക്കി സമയം പറയൽ
- ക്ലോക്ക് നിർമ്മാണം
- ക്ലോക്കിലെ അക്കങ്ങൾ തിരിച്ചറിയൽ
- സമയം പറയാൻ പഠിക്കൽ
- സമയത്തിന്റെ ഏകകങ്ങളാണ് മിനിട്ട്, മണിക്കൂർ എന്ന് തിരിച്ചറിയൽ
- കലണ്ടർ നോക്കി ദിവസം, മാസം, വർഷം എന്നിവ പറയൽ.

January

- ആവർത്തന സങ്കലനമാണ് ഗുണനം എന്ന് തിരിച്ചറിയൽ
- ഒരു സംഖ്യയെ നിശ്ചിത തവണ ആവർത്തിച്ച് കൂട്ടുന്നതിന് പകരം ആ സംഖ്യയെ ആവർത്തിക്കുന്ന എണ്ണം കൊണ്ട് ഗുണിച്ചാൽ മതി എന്ന് തിരിച്ചറിയൽ.

Scanned with OKEN Scanner

· പ്രായോഗിക പ്രശ്നങ്ങൾ സ്വന്തമായി പരിഹരിക്കൽ

ജനുവരി - ഫിബ്രവരി

· തുല്യഎണ്ണം കൂട്ടങ്ങളാക്കൽ
· ഒരു നിശ്ചിത എണ്ണത്തെ തുല്യമായി വീതിക്കുന്നതിന് ഹരണക്രിയ ഉപയോഗിക്കൽ
· ആവർത്തനവ്യവകലനമാണ് ഹരണം എന്ന് തിരിച്ചറിയൽ
· ഹരണത്തെ ഗുണനവസ്തുതകളുമായി ബന്ധപ്പെടുത്തി പ്രശ്നപരിഹാരണം ചെയ്യൽ.

February - March

· ഉള്ളളവ് അളക്കുന്നതിനുള്ള വിവിധ ഉപകരണങ്ങൾ തിരിച്ചറിയൽ.
· ഉപകരണങ്ങൾ ഉപയോഗിച്ച് അളക്കൽ.
· ഉള്ളളവിന്റെ ഏകകങ്ങളാണ് മില്ലിലിറ്റർ, ലിറ്റർ എന്നിവ തിരിച്ചറിയൽ.
· ഭാരം അളക്കുന്നതിനുള്ള വിവിധ ഉപകരണങ്ങൾ തിരിച്ച

March

· വിവരങ്ങൾ തരംതിരിച്ച് പട്ടികപ്പെടുത്തൽ
· ചിത്രരൂപത്തിലുള്ള വിവരങ്ങൾ പട്ടികപ്പെടുത്തൽ
· പട്ടിക അപഗ്രഥിച്ച് നിഗമനത്തിലെത്തൽ.

Scanned with OKEN Scanner

Class: 3 EVS

## June

- വ്യത്യസ്തമായ ധാരാളം സസ്യങ്ങൾ നമുക്ക് ചുറ്റുമുണ്ടെന്ന് തിരിച്ചറിയൽ
- സസ്യങ്ങളുടെ പ്രധാനഭാഗങ്ങൾ തിരിച്ചറിയൽ (വേര്, തണ്ട്, ഇല)
- സസ്യങ്ങളെ അവയുടെ വലുപ്പം, തണ്ടിന്റെ കാഠിന്യം, ആയുസ്സ് എന്നിവയുടെ അടിസ്ഥാനത്തിൽ ഔഷധികൾ, കുറ്റിച്ചെടികൾ, മരങ്ങൾ എന്നിങ്ങനെ മൂന്നായി തരംതിരിക്കൽ
- സസ്യങ്ങളുടെ വേര്, വിത്ത്, കാണ്ഡം, ഇല എന്നിവയിൽ നിന്നും പുതിയ സസ്യങ്ങൾ ഉണ്ടാകുമെന്ന് തിരിച്ചറിയൽ.

## July

- ചുറ്റുപാടുമുള്ള ജീവികളെ വളർത്തുജീവികളെന്നും അല്ലാത്തവയെന്നും തരംതിരിക്കൽ.
- ജീവികളെ കൊണ്ടുള്ള പ്രയോജനങ്ങൾ തിരിച്ചറിയൽ
- ചുറ്റുപാടുമുള്ള ജീവികളുടെ ശാരീരിക സവിശേഷതകൾ തിരിച്ചറിയൽ .
- വിരൽചിത്രങ്ങൾ തയ്യാറാക്കൽ
- അച്ചുചിത്രങ്ങൾ തയ്യാറാക്കൽ.
- സസ്യാഹാരികൾ, മാംസാഹാരികൾ, മിശ്രാഹാരികൾ പട്ടികപ്പെടുത്തൽ .

Scanned with OKEN Scanner

## August .

- മഴക്കാലത്ത് പ്രകൃതിയിൽ ധാരാളം മാറ്റങ്ങൾ ഉണ്ടാകുന്നു എന്ന് തിരിച്ചറിയൽ
- മഴ അളക്കാൻ മഴമാപിനി ഉപയോഗിക്കുന്നു.
- മഴമാപിനി നിർമ്മിക്കൽ
- മഴയനുഭവങ്ങൾ പതിപ്പ് തയ്യാറാക്കൽ
- കുളം, കിണർ, വയൽ, നദി, കടൽ തുടങ്ങിയവ ജല സ്രോതസ്സുകളാണെന്ന് തിരിച്ചറിയൽ.
- ജലത്തിന്റെ ഉപയോഗങ്ങൾ തിരിച്ചറിയൽ
- ജലസംരക്ഷണം - പോസ്റ്റർ തയ്യാറാക്കൽ

## September

- വ്യക്തിശുചിത്വത്തിന്റെ പ്രാധാന്യം തിരിച്ചറിയൽ
- പരീക്ഷണക്കുറിപ്പ്
- പോസ്റ്റർ നിർമ്മാണം
- ശുചിത്വ ചാർട്ട് തയ്യാറാക്കൽ
- പരിസരശുചിത്വത്തിന്റെ പ്രാധാന്യം തിരിച്ചറിയൽ

## October -

- വിവിധതരം ആഹാരങ്ങൾ തിരിച്ചറിയൽ
- ആഹാരങ്ങളെ തരംതിരിക്കൽ
- മികച്ച ആരോഗ്യത്തിന് നല്ല ആഹാരശീലങ്ങൾ തിരിച്ചറിഞ്ഞ് അവ പാലിക്കുന്നു.

Scanned with OKEN Scanner

November - December

- ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സുണ്ടാകൂ എന്ന് തിരിച്ചറിയൽ
- കളികളുടെ ഗുണങ്ങൾ തിരിച്ചറിയൽ
- കളികളിലൂടെ വ്യായാമം ലഭിക്കുന്നു എന്ന് തിരിച്ചറിയൽ
- കാലാവസ്ഥക്കനുസരിച്ചുള്ള വസ്ത്രങ്ങൾ തിരിച്ചറിയൽ
- റോഡ് നിയമങ്ങളെക്കുറിച്ച് മനസ്സിലാക്കൽ

December - January

- പരിസരം, നിരീക്ഷണം എന്നിവയിലൂടെ ഭൂമിയുടെ ആകൃതി മനസ്സിലാക്കൽ
- ഗ്ലോബ് നിരീക്ഷിച്ച് ഭൂമിയെക്കുറിച്ചുള്ള അടിസ്ഥാന ധാരണകൾ രൂപീകരിക്കൽ
- ഭൂമിയിലെ കരഭാഗവും കടലും വേർതിരിച്ചറിയൽ
- ഭൂമിയുടെ ചെറുരൂപമാണ് ഗ്ലോബെന്ന് തിരിച്ചറിയൽ

January February - March

- ജന്തുക്കളുടെയും പക്ഷികളുടെയും കൂടുകൾ വിവിധതരത്തിലുള്ളവയാണെന്ന് തിരിച്ചറിയൽ
- എല്ലാ ജീവികളും പ്രകൃതിയുടെ ഭാഗമാണെന്നും അവയ്ക്ക് ജീവിക്കാനുള്ള അവകാശമുണ്ടെന്നും തിരിച്ചറിയൽ
- ജീവികളുടെയും അവയുടെ ആഹാരങ്ങളുടെയും സവിശേഷത തിരിച്ചറിയൽ
- വീട് നിർമ്മാണത്തിലെ വൈവിധ്യം തിരിച്ചറിയൽ

Scanned with OKEN Scanner

# മലയാളം IV

## മധുരം മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നത് വരെ | SRG ക്ലാസ്ടീച്ചർ | PT-A ഫണ്ട് |
| വായനാവസന്തം | | | | |
| വായനാശേഷി വളർത്തൽ | ക്ലാസ് വായനക്കൂട്ടം ക്ലാസ് ലൈബ്രറി ഒരുക്കൽ. പുസ്തകപരിചയം, വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, പുസ്തകസംവാദം, ആനുകാലിക വായന | വർഷം മുഴുവൻ | HM SRG Class teacher C.P.T.A | P.T.A |
| എഴുത്തുതെളിമ | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗത്തിൽ നിന്നും പത്ര വർത്തമാനങ്ങളിൽ നിന്നും [illegible] | പ്രതിമാസം [വർഷം മുഴുവൻ] | SRG Class teacher | P.T.A |
| എഴുത്തുകാരുമായി സംവദിക്കൽ | | | | |
| ലേഖനശേഷി വർധിപ്പിക്കൽ സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരൻമാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |
| അറിയാം കേട്ടറിയാം | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ (ICT) | പാഠഭാഗങ്ങളുമായി ~~…~~ ബന്ധപ്പെട്ട വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PT.A |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| രുചിവൈവിധ്യം | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള പാചകക്കുറിപ്പ് പതിപ്പ്, നിർമ്മാണം ഓണസദ്യ | വർഷത്തിലൊന്ന് | SRG class teacher PTA | |
| ഓർക്കാം, ആദരിക്കാം, സ്വാതന്ത്ര്യസമരസേനാനികൾ | | | | |
| സ്വാതന്ത്ര്യസമരത്തിന്റെ ചരിത്രങ്ങൾ പരിചയപ്പെടൽ, അനുസ്മരണം | ഓർമ്മദിനങ്ങളെക്കുറിച്ച് അറിയൽ, മഹാന്മാരെ പരിചയം. ക്വിസ്, ചിത്രപ്രദർശനം. ജീവചരിത്ര കുറിപ്പ് പതിപ്പ് നിർമ്മാണം, പ്രദർശനം. | ആഗസ്റ്റ് മാസം | SRG Class Teacher C.P.T.A | |
| കലക്കൂട്ട് | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ തിരിച്ചറിയൽ | പ്രാദേശിക കലാകാരന്മാരുമായി അഭിമുഖം, കലാപ്രകടനം, കുട്ടികളുടെ കലാപ്രകടനം | വർഷത്തിലൊന്ന് | HM SRG C.P.T.A Class Teacher | P.T.A |
| സർഗോത്സവം | | | | |
| വിദ്യാലയത്തിലെ കുട്ടികളുടെ സർഗ്ഗശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM S.R.G C.P.T.A Class Teacher | |

Scanned with OKEN Scanner

# പരിസരപഠനം IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതിനടത്തം** | | | | |
| നിരീക്ഷണം-അറിവുനിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | H.M C.P.T.A | P.T.A |
| **ശാസ്ത്രമേള** | | | | |
